**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നത് ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.ഒ.ടി.) മോഡലിൽ നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.ഒ.ടി.) മാതൃകയിൽ അല്ല നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി തുക 20 തുല്യ ഗഡുക്കളായി കെൽട്രോണിന് നൽകിക്കൊണ്ടുള്ള 'Annuity' രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ പ്രധാന കാരണം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ഒന്നിച്ച് ഒരു തുക ആദ്യഘട്ടത്തിൽ തന്നെ മുടക്കേണ്ട കാര്യമില്ല. കൂടാതെ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞതിനുശേഷം ഇതിന്റെ കരാർ കാലാവധിയിൽ അതിന്റെ മെയിന്റനൻസ് നടത്തേണ്ട ചുമതല കെൽട്രോണിന് ആണ്. |
| (ബി) | ബി.ഒ.ഒ.ടി. മോഡലിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം പദ്ധതി അന്വിറ്റി മോഡലിലേക്ക് മാറ്റാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ തുടങ്ങുന്നതിന് മുമ്പ് തന്നെ ‘Annuity’ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. Annuity with assured payment "എന്നാണ് ടി പദ്ധതിയുടെ ശരിയായ പേര്. ടി പദ്ധതിയ്ക്ക് അന്തിമ അനുമതി നൽകിയ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം ബി.ഒ.ഒ.ടി. മോഡലിൽ നിന്നും അന്വിറ്റി മോഡൽ ആക്കാനുള്ള തീരുമാനത്തിൽ മോട്ടോർ വാഹന വകുപ്പ് ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും ഉപദേശം തേടിയിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | പദ്ധതി നിർവ്വഹണത്തിന് ശേഷം ഗഡുക്കളായി പേയ്മെന്റ് നടത്തണമെന്ന് ധാരണയായതിനാൽ പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ തുടങ്ങുന്നതിന് മുമ്പ് തന്നെ ‘Annuity’ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടില്ല. എന്നാൽ ടി പദ്ധതി പ്രൊപ്പോസൽ വിവിധ ഘട്ടങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കും അഭിപ്രായത്തിനും ഗതാഗത വകുപ്പ് വിധേയമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ